ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ജനോപകാരപ്രദമായ രീതിയിൽ ആർ. ടി. ഓഫീസുകളുടെ ചുമതലകൾ വികേന്ദ്രീകരിക്കുവാൻ വേണ്ടിയാണ് ജോയിന്റ് ആർ. ടി. ഓഫീസുകൾ തുടങ്ങിയിട്ടുള്ളത്. ഇതിന് ആധാരമാക്കിയിട്ടുള്ള മാനദണ്ഡം, വാഹനങ്ങൾ അധികം കേന്ദ്രീകരിച്ചിട്ടുള്ള താലൂക്ക് ആസ്ഥാനങ്ങളിൽ പുതിയ ഓഫീസുകൾ തുടങ്ങുക എന്നതാണ്. പടിപടിയായി മിക്കവാറും എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ഈ മാതിരി ഓഫീസുകൾ തുടങ്ങണമെന്നാണ് സർക്കാരിന്റെ നയം.

(സി) ഇല്ല.

(ഡി) കുന്നംകുളത്ത് പുതിയ ആഫീസ് അനുവദിച്ചിട്ടില്ല. കുന്നംകുളം ഉൾപ്പെടുന്ന വടക്കാഞ്ചേരി താലൂക്ക് ആസ്ഥാനത്താണ് പുതിയ ഓഫീസ് തുടങ്ങുവാൻ അനുവാദം നൽകിയിട്ടുള്ളത്.

(ഇ) ഇല്ല

(എഫ്) മേൽ പ്രതിപാദിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

പന്തളം ട്രാൻസ്പോർട്ട് സ്റ്റേഷന്റെ ശോച്യാവസ്ഥ

339 [432] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് കെ. എസ്. ആർ. ടി. സി. യുടെ പന്തളം ട്രാൻസ്പോർട്ട് സ്റ്റേഷനും പരിസരവും വെള്ളവും ചെളിയുംകെട്ടി വൃത്തിഹീനമായിരിക്കുന്ന സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് എന്തെങ്കിലും പരിഹാരം കണ്ടെത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

മാനന്തവാടിയിലേക്ക് പുതിയ കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

340 [441] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കോഴിക്കോട് അത്തോളി-പേരാമ്പ്ര കുറ്റ്യാടി റൂട്ടിൽ നിന്ന് മാനന്തവാടിയിലേക്ക് പുതിയ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റൂട്ടിൽ കോഴിക്കോട് നിന്നും ഒരു ഓർഡിനറി സർവ്വീസും മാനന്തവാടിയിൽ നിന്നും ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസും ആരംഭിച്ചിട്ടുണ്ട്.

ബാലവാടികൾ

341 [444] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര ബാലവാടികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly